# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4627

## 22-03-2018 ൽ മറുപടിക്ക്

## കിഫ്ബി വഴി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) എത്ര രൂപയുടെ വികസന പദ്ധതികളാണ് സംസ്ഥാനത്ത് കിഫ്ബി വഴി വിഭാവനം ചെയ്തിട്ടുള്ളത്; നിലവിൽ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകി; എത്ര രൂപയാണ് പ്രസ്തുത പദ്ധതികൾക്കായി കിഫ്ബി മുഖേന ചെലവഴിക്കുന്നത്; വിശദമാക്കാമോ; | 55274 കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാനത്ത് കിഫ്ബി വഴി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ 300 ഉപപദ്ധതികൾ/പദ്ധതികൾക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ മൊത്തം അടങ്കൽ തുക 19940.15 കോടി രൂപയാണ്. |
| (ബി) പദ്ധതികൾക്ക് നൽകുന്നതിനുള്ള തുക കിഫ്ബി എങ്ങനെയാണ് സമാഹരിക്കുന്നത്; വ്യത്യസ്ഥ ധന സ്രോതസ്സുകളിൽ നിന്നും കിഫ്ബിയിലേക്ക് പണം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | ഭേദഗതി ചെയ്ത കിഫ് ആക്റ്റിന്റെ 8 ാം വകുപ്പ് പ്രകാരം, കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേക്ക്:-<br>(i) ബോർഡിന് കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഏതൊരു തുകയും കടമായി വാങ്ങാവുന്നതാണ്.<br>(ii) ബോർഡിന് അപ്രകാരം കടം വാങ്ങുന്നതിന്റെ ആവശ്യങ്ങൾക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ അല്ലെങ്കിൽ യുക്തമായ മറ്റേതെങ്കിലും ധനപരമായ പ്രമാണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഏതെങ്കിലും ധനപരമായ പ്രമാണം നൽകാവുന്നതും ക്രമീകരിക്കപ്പെട്ട തിരിച്ചടവ് സംവിധാനത്തോടെയുള്ള റവന്യൂ ബോണ്ടുകൾ, ലാൻഡ് |

ബോണ്ടുകൾ മറ്റ് ഏതെങ്കിലും ഉചിതമായ ധനകാര്യ പ്രമാണങ്ങൾ എന്നിവയിലൂടെയോ ബാങ്കുകൾ, മൾട്ടിലാറ്ററൽ ഫണ്ടിംഗ് ഏജൻസികൾ അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി അംഗീകരിച്ച സ്ഥാപനങ്ങൾ എന്നിവയിലൂടെയോ ഫണ്ടുകൾ സ്വരൂപിക്കാവുന്നതുമാണ്.

(iii) ബോർഡിന് ഒരു പ്രോജക്ടിനു വേണ്ടിയോ ഒരു കൂട്ടം പ്രോജക്ടുകൾക്കു വേണ്ടിയോ ഉള്ള വിഭവസമാഹരണം സുഗമമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ നിക്ഷേപ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഒരു സ്പോൺസറായി പ്രവർത്തിക്കാവുന്നതാണ്. ഇതിലേക്കായി അടിസ്ഥാന സൗകര്യ നിക്ഷേപ സംവിധാനത്തിൽ ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (എ.ഐ.എഫ്), ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (ഇൻവിറ്റ്), മ്യൂച്വൽ ഫണ്ടുകൾ, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ഐ.ഡി.എഫ്) എന്നിവ ഉൾപ്പെടുന്നതും എന്നാൽ അതിൽ പരിമിതപ്പെടുത്തുന്നതല്ലാത്തതുമാകുന്നു.

(iv) ബോർഡ് ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ധനപരമായ പ്രമാണങ്ങളും സെക്യൂരിറ്റികളും സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി ബോർഡ് തീരുമാനിക്കുന്ന പ്രകാരമുള്ള രീതിയിൽ പുറപ്പെടുവിക്കുകയോ, കൈമാറ്റം ചെയ്യുകയോ വിട്ടുതൽ ചെയ്യുകയോ ചെയ്യേണ്ടതാണ്.

(v) ആന്വിറ്റി നൽകുന്നതിനോ മേൽ സൂചിപ്പിച്ച പ്രകാരമുള്ള മറ്റ് തിരിച്ചടവ് ബാദ്ധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിനും ബോർഡിന്റെ പ്രവർത്തനപരവും ഭരണപരവുമായി ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിനും സർക്കാർ സമയാസമയങ്ങളിൽ വാർഷിക ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.

എന്നാൽ സർക്കാർ മുൻ വർഷം പിരിച്ചെടുത്ത മോട്ടോർ വാഹന നികുതിയുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗം നിധിയിലേക്കുള്ള വിഹിതമായി നീക്കിവക്കേണ്ടതും അപ്രകാരമുള്ള വിഹിതം ആദ്യ

| | |
|---|---|
| | വർഷത്തിൽ പത്ത് ശതമാനമായിരിക്കുന്നതും ഇത് ഓരോ വർഷവും വർദ്ധിപ്പിക്കുന്നതും അഞ്ചാമത്തെ വർഷത്തിൽ മോട്ടോർ വാഹന നികുതിയുടെ അൻപതു ശതമാനം വരെ വർദ്ധിപ്പിക്കുന്നതുമാണ്.<br>എന്നുമാത്രമല്ല, അതിനുപുറമെ ഓരോ ലിറ്റർ പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലും ചുമത്തപ്പെട്ടുകൊണ്ടിരിക്കുന്ന സെസ്സ് മുൻവർഷക്കാലയളവിൽ പിരിച്ചെടുത്ത പ്രകാരമുള്ള സെസ്സ് തുകയുടെ അടിസ്ഥാനത്തിൽ സെസ്സിൽ നിന്നും സർക്കാർ നിധിയിലേക്ക് നൽകേണ്ടതാണ്. തുടർന്നു വരുന്ന പന്ത്രണ്ട മാസങ്ങളിൽ ആവശ്യമായ തുകയുടെ കൈമാറ്റം ഒന്നോ അതിലധികമോ തവണകളായി പ്രസ്തുത വർഷത്തിലെ ഡിസംബർ മാസത്തിന്റെ അവസാന പ്രവൃത്തി ദിവസത്തിനു മുമ്പായി പൂർത്തിയാക്കേണ്ടതാണ്.<br>(vi) സർക്കാരിന് സംസ്ഥാന നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമം മൂലം യഥാവിധിയുള്ള ധനവിനിയോഗം വഴി ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും കാലാകാലങ്ങളിൽ ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണ്.<br>(vii) എതെങ്കിലും സ്ഥാപനം നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളും<br>(viii) ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മറ്റു മാർഗ്ഗങ്ങളിൽകൂടി ബോർഡ് സമാഹരിച്ച ഏതൊരു തുകയും<br>പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വകകൊള്ളിക്കേണ്ടതാണ്.<br>സർക്കാരിൽ നിന്നും ബഡ്ജറ്റ് വഴി കിഫ്ബിയിലേക്ക് പണം ലഭ്യമാക്കുന്നതിന് പ്രത്യേക ശീർഷകങ്ങൾ എർപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. മറ്റ് സ്രോതസ്സുകളിൽ നിന്നും സമാഹരിക്കുന്ന പണം നേരിട്ട് കിഫ്ബിയുടെ ബാങ്ക് അക്കൗണ്ടുകൾ വഴി |

| | |
|---|---|
| | നിധിയിലേക്ക് വക കൊള്ളിക്കുന്നു. |
| (സി) പ്രവാസികളുടേതടക്കമുള്ള നിക്ഷേപങ്ങൾ കിഫ്ബിയിലേക്ക് തിരിച്ചുവിടുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | 2017-18 ലെ ബജറ്റ് പ്രസംഗമനുസരിച്ച് കെ.എസ്.എഫ്.ഇ ആരംഭിക്കുന്ന പ്രവാസി ചിട്ടിയിലൂടെ ലഭിക്കുന്ന നിക്ഷേപം കിഫ്ബിയിലേക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി വരുന്നു. വിവിധ പേമെന്റ് ഗേറ്റ് വേയിലൂടെ പ്രവാസികൾ ചിട്ടിയിൽ അടയ്ക്കുന്ന പണം വഴി ലഭിക്കുന്ന ഫ്ലോട്ട് ഫണ്ട് കെ.എസ്.എഫ്.ഇ കിഫ്ബിയുടെ പ്രത്യേക ബോണ്ടുകളിൽ നിക്ഷേപിക്കുകയും പ്രവാസികളിൽ നിന്നും ഇപ്രകാരം ലഭിക്കുന്ന തുക സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# DETAILS OF KIIFB FUND AS ON 19-03-2018

| Government Order | Head of Account | Amount (Crore) | |
|---|---|---|---|
| G.O (Rt) No.9899/16/Fin dated 22-12-16 | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 448.10 | 2016-17<br>Rs.729.53 Cr |
| | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 28.14 | |
| G.O (Rt) No.1132/17/Fin dated 11-02-17 | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 253.29 | |
| G.O (Rt) No.4967/17/Fin dated 16-06-17 | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 165 | 2017-18<br>Rs.1042.64 Cr |
| | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 210 | |
| G.O (Rt) No.9619/17/Fin dated 27-12-17 | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 256.19 | |
| | 5475-00-800--87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 411.45 | |
| G.O (Ms) No.16/Plg dated 30-03-16 | | 873.85 | As per Plan write up 2015-16 |
| G.O (Ms) No.18/17/Plg dated 30-03-17 | | 1624.56 | As per Plan Write up 2016-17 |
| NABARD Infrastructure Development Assistance (NIDA) | | 100.80 | |
| **TOTAL** | | **4371.38** | |

സെക്ഷൻ ഓഫീസർ